(ബി) പ്രസ്തുത കരട് ബില്ലിൽ കേന്ദ്ര ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാന ഫാർമസി കൗൺസിലിന്റെ പ്രാതിനിധ്യം ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേന്ദ്ര ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങളെ സംസ്ഥാന ബില്ലിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആരോഗ്യ രംഗത്തെ പ്രമുഖ സംഘടനകളുമായി ചർച്ച ചെയ്തിട്ടാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്. ബിൽ കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകൾക്കും നിർവ്വാഹമില്ല.

ആരോഗ്യമേഖലയിലെ തസ്തികകൾ

6 (2556) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ വിവിധ വിഭാഗങ്ങളിലായി എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി ;

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) 2006-11 കാലയളവിൽ എത്ര തസ്തികകൾ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 3924 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആരോഗ്യവകുപ്പ്	-	2237
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	-	717
ഡ്രഗ്സ് കൺട്രോളർ	-	34
ഹോമിയോപ്പതി ഡയറക്ടറേറ്റ്	-	446
ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്	-	131
ഭാരതീയ ചികിത്സാവകുപ്പ്	-	356
ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം	-	3

(സി) 4113 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ്	-	3512
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	-	349
ഹോമിയോപ്പതി ഡയറക്ടറേറ്റ്	-	109
ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്	-	58
ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്	-	51
ഭാരതീയ ചികിത്സാവകുപ്പ്	-	34

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

7 (2557) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.